بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

ഖുത്വ്ബ നമ്പർ
**36**
**06-09-2013**

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز
**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

# യു.കെ ജൽസയുടെ അവലോകനം

اَلْحَمْدُلِلّٰہِ ഈ വർഷം വീണ്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ യുടെ ജൽസ സാലാന എല്ലാ അനുഗ്രഹങ്ങളോടും കൂടി നന്ദിപ്രകടനത്തിന്റെ വിഷയങ്ങളെ കൂടുതൽ തിളക്കമാർന്നതാക്കിക്കൊണ്ട് കഴിഞ്ഞ ഞായറാഴ്ച്ച സമാപിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ എല്ലാവരും ദർശിക്കുകയും അനുഭവിച്ചറിയുകയും ചെയ്തു. സമ്മേളന നഗരിയിൽ ഇരുന്നവരുംഎം.ടി.എ മുഖേന ലോകത്തിലെവിടെ ഇരുന്നും ജൽസയെ വീക്ഷിച്ചവരും അത് അനുഭവിച്ചറിഞ്ഞു. എം.ടി.എ കൂടാതെ ഇന്റർനെറ്റ് സ്ട്രീമിങ്ങിലൂടെയും ഒരു ലക്ഷത്തിലധികം പേർ ജൽസയുടെ പരിപാടികൾ ശ്രവിക്കുകയുണ്ടായി. നവീന മാധ്യമങ്ങളിലൂടെ ലോകത്തുള്ള ലക്ഷക്കണക്കിനാളുകൾക്ക് ഈ ജൽസയുടെ പരിപാടികൾ വീക്ഷിക്കാനും ശ്രവിക്കാനും സാധ്യമായത് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളിൽ പെട്ടതാണ്. ജൽസയ്ക്കു ശേഷവും ജമാഅത്തംഗങ്ങളുടെ ജൽസയെ സംബന്ധിച്ചുള്ള പ്രതികരണങ്ങളും ആശംസകളും വന്നുകൊണ്ടിരിക്കുകയാണ്. എനിക്കും ധാരാളം കത്തുകൾ വരുന്നുണ്ട്. ദൂരെ ദിക്കുകളിൽ ആയിരുന്നിട്ടും ഞങ്ങളും ജൽസയിൽ നേരിട്ട് പങ്കെടുത്തതായിട്ടാണ് അനുഭവപ്പെട്ടതെന്നാണ് അധികം പേരും എഴുതിയിരിക്കുന്നത്. മാത്രമല്ല ജൽസ സമാപിച്ചതിന് ശേഷം ഉദാസീനത പടർന്ന് എന്നും എഴുതുന്നു. അഹ്മദികളുടെ ഈ ലോകം ഒരു അത്ഭുതലോകം തന്നെയാണ്. അതിന്റെ ആത്മാർത്ഥതയും കൂറും അത്ഭുതാവഹവുമാണ്. ഈ ആത്മാർത്ഥതയും കൂറും അന്യരിലും പ്രഭാവം ചെലുത്തുന്നു.

ഏതാനും പ്രതികരണങ്ങൾ ഞാൻ കേൾപ്പിക്കുന്നതാണ്. ചില ബഹുമാന്യ വ്യക്തികൾ ജൽസയിൽ സ്റ്റേജിൽ വന്നു കൊണ്ട് തങ്ങളുടെ അഭിപ്രായങ്ങൾ പരാമർശിക്കുകയുണ്ടായി. ആ അഭിപ്രായങ്ങൾ നിങ്ങൾ കേട്ടുകഴിഞ്ഞതാണ്. എങ്ങിനെയാണ് അല്ലാഹു ലോകത്തിനുമേൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഗാംഭീര്യത വെളിപ്പെടുത്തിയിരുന്നത് എന്നതിന്റെ ഉദാഹരണങ്ങളായിരുന്നു അവ. ഭൗതിക കണ്ണുകളിൽ ഇത് ഒരു ദുർബല ജമാഅത്താകുന്നു എന്നാൽ, ഖിലാഫത്തിന്റെ കണ്ണികളിൽ കോർക്കപ്പെട്ട കാരണത്താൽ ഐക്യമുള്ള കാരണത്താൽ വലിയ വലിയ നേതാക്കൾ വരികയും, ഞങ്ങൾക്കിവിടെ വരുന്നതിൽ അഭിമാനവുമുണ്ട്, ഞങ്ങൾ ജമാഅത്തിനോട് കൃതജ്ഞതയുള്ളവരാണ് എന്ന് പറയുകയും ചെയ്യുന്നു.

ഏതായാലും ധാരാളം പേർക്ക് ഇവിടെ വരുവാനും സ്റ്റേജിൽ ചിലത് പറയുവാനും അവസരം ലഭിക്കുകയുണ്ടായി.

ചിലർ തങ്ങളുടെ സന്ദേശം അയക്കുകയുണ്ടായി. എന്നാൽ ഹൃദയാവസ്ഥയെ അവർ പിന്നീടാണ് വെളിപ്പെടുത്തിയത്. അത് കൃത്രിമമല്ല. ഉദാഹരണമായി ബെനിൻ സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസ് വന്നിരുന്നു. അദ്ദേഹം തന്റെ അഭിപ്രായങ്ങളും കേൾപ്പിച്ചിരുന്നു. ഈ വ്യക്തി ഫ്രാങ്കോഫോൺ രാഷ്ട്രങ്ങളുടെ സുപ്രീം കോർട്ട് അസോസിയേഷൻ പ്രസിഡന്റുമാകുന്നു. ഈ അസോസിയേഷനിൽ ആഫ്രിക്കയിലെ 98 രാഷ്ട്രങ്ങൾ അംഗങ്ങളാണ്. മന്ത്രിയുമായിരുന്നു. അദ്ദേഹം തന്റെ അഭിപ്രായങ്ങളെ പ്രകടിപ്പിച്ചുകൊണ്ടും ജൽസയിൽ പണിയെടുത്തവർക്ക് നന്ദി അറിയിച്ചുകൊണ്ടും പറയുന്നു, ഏറ്റവും ആദ്യമായി ഞാൻ യുവാക്കൾക്കും കുട്ടികൾക്കും നന്ദി പറയുന്നു. അവരെ ഞാൻ ദിന രാത്രങ്ങളോളം ആത്മാർഥതയോടും സ്നേഹത്തോടും കൂടി പണിയെടുക്കുന്നതായി കാണുകയുണ്ടായി. എല്ലാവരുടെ മുഖങ്ങളിൽ നിന്നും പുഞ്ചിരി പ്രതിഫലിച്ചു കാണുകയുണ്ടായി. ഇത്ര വലിയ ഇജ്തിമായിൽ അരോചകമായ ഒരു സംഭവം പോലും ഉണ്ടായില്ല. എല്ലാം ഉത്തമമായിരുന്നു. അച്ചടക്കത്തിന്റെ ഉത്തമ മാതൃകയായിരുന്നു. ഈ ജൽസയിൽ നിന്ന് ആത്മാർത്ഥതയും ആത്മീയതയും കര്സ്ഥമാക്കി കൊണ്ടാണ് പോകുന്നത്. ആത്മാർത്ഥതയുടെയും ആത്മീയതയുടേയും ഈ ഉന്നത മാതൃകകൾ അഹ്മദിയ്യത്തിന്റെ മാത്രം സവിശേഷതയാകുന്നു. ഇവിടെ വന്നു കൊണ്ട് ഇവിടുത്തെ ഈ അന്തരീക്ഷം കണ്ടുകൊണ്ട് മുസ്ലിമാണെന്നതിൽ എനിക്കഭിമാനം തോന്നുന്നു. പറയുന്നു, ജൽസയിൽ നിരവധി ആളുകൾ പങ്കെടുത്തിട്ടു കൂടി സംവിധാനം വളരെയധികം പ്രഭാവം ചെലുത്തുന്നതും സുസംഘടിതമായിരുന്നു. എല്ലാ സമൂഹത്തിൽ പെട്ട ഉന്നത സ്ഥാനം അലങ്കരിക്കുന്ന പ്രാദേശികരും വിദേശീയരുമായവർ ഈ ജൽസയിൽ പങ്കെടുക്കുകയുണ്ടായി.

ജൽസയിലെ എല്ലാ പ്രഭാഷണങ്ങളും വളരെ മനോഹരമായ നിലയിലാണ് അവതരിപ്പിക്കുകയുണ്ടായത്. പിന്നീട് അദ്ദേഹം സ്വദേശമായ ബെനിനിൽ തിരിച്ചെത്തിയപ്പോൾ അവിടെ വിമാനത്താവളത്തിൽ വി.ഐ.പി ലോഞ്ചിൽ പ്രസ്കോൺഫറൻസിനിടയിൽ ഒരു മാധ്യമ പ്രതിനിധിയോട് തന്റെ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. അത് ദേശീയ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പറയുന്നു, അഹ്മദിയ്യാ ജമാഅത്ത് ലണ്ടന് പുറത്തായി 120 ഏക്കർ ഭൂമിയിൽ ഒരു നഗരം തന്നെ അധിവസിച്ചിരുന്നു. 120 ഏക്കർ എന്നാണ് അദ്ദേഹം മനസ്സിലാക്കിയിരുന്നത്. യഥാർത്ഥത്തിൽ അത് 208 ഏക്കറാകുന്നു. അവിടെ മനുഷ്യന് അനിവാര്യമായ എല്ലാം തന്നെ ലഭ്യമായിരുന്നു. അവിടെ പണിയെടുക്കുന്ന യുവാക്കളും കുട്ടികളും മറ്റുള്ളവരുമെല്ലാം തന്നെ വളരെ പ്രയത്നിച്ചുകൊണ്ട് സംവിധാനങ്ങൾ സജ്ജമാക്കുന്നതായി കാണപ്പെട്ടു. അതിഥികളെ സേവിക്കുന്നതിൽ ഇത്രത്തോളം ആവേശഭരിതമായ മറ്റൊരു ജമാഅത്തിനെയും ഞാൻ കണ്ടിട്ടില്ല. ഏതെങ്കിലും അതിഥിക്ക് എന്തെങ്കിലും ആവശ്യം നേരിട്ടാൽ ഉടൻ തന്നെ അത് നിറവേറ്റിക്കൊടുക്കുമായിരുന്നു. ഏതെങ്കിലും ഒരു യുവാവിനോട് എന്തെങ്കിലും കാര്യം ആവശ്യപ്പെട്ടാൽ അവർക്ക് അതുമായി ബന്ധമില്ലെങ്കിൽ തന്നെയും ബന്ധപ്പെട്ട വിഭാഗവുമായി ബന്ധപ്പെട്ടുകൊണ്ട് ആവശ്യപ്പെട്ട കാര്യം സാധിച്ചു കൊടുക്കുമായിരുന്നു. പറയുന്നു, ഇത്ര വലിയ സദസ്സിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ പ്രഭാഷണം നടത്തുമ്പോൾ അതിൽ നിന്നാരെയും സംസാരിക്കുന്നതായി കണ്ടില്ല. എല്ലാവരും

മൗനമായിരുന്നു കൊണ്ട് വളരെ ശ്രദ്ധയോടുകൂടി ഈ പ്രഭാഷണങ്ങൾ കേൾക്കുന്നതിൽ വ്യാപൃതരായിരുന്നു. 31,000 ത്തിലധികം ആളുകൾ സന്നിഹിതരായിരുന്നു. എന്നിരിന്നിട്ടും നിശബ്ദതയായിരുന്നു. എനിക്ക് മുൻപൊരിക്കലും കാണാൻ സാധിച്ചിട്ടില്ലാത്ത വിചിത്രമായ ദൃശ്യമായിരുന്നു അത്.

പിന്നീട് പ്രസ്കോൺഫറൻസിൽ പറയുന്നു, ജൽസ സമാപിച്ചപ്പോൾ ഞാൻ എവിടെയും ഉന്തും തള്ളും കണ്ടില്ല. സമ്മേളന നഗരിയിൽ നിന്ന് സമാധാനത്തോടെ ഓരോരുത്തരായി പുറത്തേക്കിറങ്ങുകയായിരുന്നു. ആരുടെയെങ്കിലും കൈ മുട്ട് മറ്റുള്ളവരുടെ ദേഹത്ത് കൊള്ളുകയോ അല്ലെങ്കിൽ കാലിൽ ചവിട്ടുകയോ ചെയ്താൽ ക്ഷമ ചോദിക്കുമായിരുന്നു. നിസാര കാര്യങ്ങളിൽ പോലും പരസ്പരം ക്ഷമ ചോദിക്കുമായിരുന്നു. ഇത്തരത്തിലുള്ള ദൃശ്യം ഞാൻ മുൻപൊരിക്കലും കണ്ടിട്ടില്ല. പറയുന്നു. 31,000 ആളുകൾ പരസ്പരം ഇടകലർന്നാണ് കഴിഞ്ഞിരുന്നത്. എല്ലാവരും അവിടെ തന്നെ ഭക്ഷണം കഴിക്കുമായിരുന്നു. എല്ലാത്തിനുള്ള സംവിധാനം അവിടെയുണ്ടായിരുന്നു. വിവിധ രാഷ്ട്രങ്ങളിൽ നിന്ന് മന്ത്രിമാരും ഉന്നത വിദ്യാസമ്പന്നരും പങ്കെടുത്തിരുന്നു. ഇത് വിദ്യാസമ്പന്നരുടെ ജമാഅത്താണെന്നതിന്റെ തെളിവായിരുന്നു അത്. പിന്നീട് പറയുന്നു, നമ്മുടെ രാജ്യത്തിന് പുരോഗതി കൈവരിക്കാൻ സാധിക്കുമെങ്കിൽ ജമാഅത്തിന്റെ സേവനങ്ങൾ കാരണത്താൽ അത് സാധ്യമാകുന്നതാണ്. ഞാൻ ബെനിനിലെ ജനങ്ങളോട് പ്രത്യുത മുഴുവൻ മുസ്‌ലിം ലോകത്തോടും പറയുന്നു, സമാധാനവും സമത്വവും അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് പഠിക്കുക. ജമാഅത്തിനെ എതിർക്കുന്നത് സംബന്ധിച്ചുള്ള ചില സംഭവങ്ങളെ കുറിച്ച് ഞാൻ അറിഞ്ഞു. ബെനിനിലെ ജനങ്ങളോട് ഞാൻ പറയുകയാണ്, അവരെ എതിർക്കുന്നത് ഉപേക്ഷിക്കുക. അവരിൽ നിന്ന് ഇസ്‌ലാം പഠിക്കുക. വളരെ വേഗത്തിൽ ജമാഅത്ത് പുരോഗതി കൈവരിക്കുന്ന ബെനിനിലെ ചില പ്രദേശങ്ങളിൽ ജമാഅത്തിന് ശക്തമായ എതിർപ്പുകളെ നേരിടേണ്ടി വരുന്നുണ്ട്. പറയുന്നു, ലോകത്ത് സമാധാനം സ്ഥാപിതമാകുന്ന എന്ന ഒരൊറ്റ ആഗ്രഹം മാത്രമാണ് അഹ്മദിയ്യാ ഖലീഫയ്ക്കുള്ളത്. പിന്നീട് പറയുന്നു, ജൽസയിൽ പങ്കെടുത്തവർ ഖലീഫയെ സ്നേഹിക്കുന്നത് പോലെ ഖലീഫ അവരേയും സ്നേഹിക്കുന്നതായി കാണുകയുണ്ടായി. അതായത് ഇവരെ തങ്ങളുടെ ഖലീഫയോടുള്ള സ്നേഹത്താൽ കരയുന്നവരായി കണ്ടു. എന്റെ ജീവിതത്തിൽ ഒരിക്കലും വിസ്മരിക്കാൻ സാധിക്കാത്ത അഭൂതപൂർവമായ ദൃശ്യങ്ങളായിരുന്നു അത്. ഇതായിരുന്നു ഒരു പ്രതികരണം

ലെമാവബിയ ത്രേ സാഹിബ ബുർക്കിനാഫാസോയിൽ നിന്നും പങ്കെടുത്ത സ്ത്രീയാണ്. അവർ ബുർക്കിനാ ഫാസോയിലെ പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയായുടെ ഹയ്യർ അതോറിറ്റി കമ്മീഷന്റെ പ്രസിഡന്റാകുന്നു. രണ്ട് തവണ രാജ്യത്തിന്റെ ഫെഡറൽ മന്ത്രിയായിരുന്നിട്ടുമുണ്ട്. അത് കൂടാതെ ഇറ്റലിയിലും ആസ്ട്രേലിയയിലും നാല് വർഷത്തോളം ബുർക്കിനാ ഫാസോയുടെ സ്ഥാനപതിയുമായിരുന്നു. കൂടാതെ യു.എൻ.ഒ യിൽ സ്വന്തം രാജ്യത്തെ പ്രതിനിധീകരിക്കുകയും ചെയ്തിട്ടുണ്ട്. അവർ പറയുന്നു, ഈ ജൽസയിൽ പങ്കെടുത്തത് എന്റെ ജീവിതത്തിൽ ഇത്തരത്തിലുള്ള ആദ്യ അനുഭവമാണ്. ഞാൻ യു.എൻ.ഒ യിലും മാതൃരാജ്യത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. അവിടെ ഞാൻ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളെ കണ്ടിട്ടുണ്ട്. ഈ ജൽസയിലും 80 ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉണ്ടായിരുന്നു. എന്നാൽ എല്ലാവരും ഒരേ കണ്ണിയിൽ കോർത്തിണക്കപ്പെട്ട മുത്തുമാലയായിട്ടാണ് ദൃശ്യമായത്. അവരിൽ ആരെയും വെളുത്തവനായിട്ടോ കറുത്തവനായിട്ടോ കാണപ്പെട്ടില്ല. മറിച്ച് എല്ലാ അഹ്മദി മുസ്‌ലിംകളും വർണ്ണ വർഗ ഭേദമന്യേ തങ്ങളുടെ ഖലീഫയുടെ പ്രേമിയായിട്ടാണ് കാണപ്പെട്ടത്. തുടർന്ന് പറയുന്നു, ഈ ജൽസയിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച വസ്തുത, എല്ലാവരും ദൈവത്തിന് വേണ്ടി ഒരു പ്രതിബന്ധതയോടു കൂടിയാണ് ജൽസയിൽ പങ്കെടുത്തത് എന്നാണ്. എല്ലാവരും അതിഥികളും എല്ലാവരും ആതിഥേയരുമായിട്ടാണ് അനുഭവപ്പെട്ടത്. പുരുഷന്മാരും സ്ത്രീകളും ചെറിയവരും വലിയവരും എല്ലാവരും ആതിഥേയത്വത്തിനായി സന്നദ്ധരായിരുന്നു. അവരുടെ സ്നേഹപ്രകടനം മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രമായിട്ടുള്ളതായിരുന്നില്ല. മറിച്ച് ഹൃദയത്തിന്റെ അഗാധതലങ്ങളിൽ നിന്നും നിർഗളിച്ചതായിരുന്നു. പറയുന്നു, സ്ത്രീകളെ പുരുഷന്മാരിൽ നിന്നും വേർപ്പെട്ടുകൊണ്ട് പ്രത്യേകസ്ഥലത്ത് മാത്രം കാണപ്പെട്ടത് എന്നെ അത്ഭുതപ്പെടുത്തി. ഇവിടെയും മറ്റ് മുസ്‌ലിംകളെ പോലെ തന്നെയാണ് സ്ത്രീകളോട് പെരുമാറുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. എന്നാൽ ഞാൻ ഈ സ്ത്രീകളോടൊപ്പം കഴിഞ്ഞപ്പോൾ അൽപനേരം കൊണ്ട് എന്റെ തോന്നലിൽ പരിവർത്തനം വന്നു. ഫോട്ടോ എടുക്കുന്നവരും സ്ത്രീകളാണെന്ന് ഞാൻ കണ്ടു, ക്യാമറ കൈകാര്യം ചെയ്തിരുന്നതും സ്ത്രീകളായിരുന്നു. സ്വാഗത കമ്മറ്റിയിലും സ്ത്രീകളായിരുന്നു. ഭക്ഷണം വിളമ്പുന്നവരും സ്ത്രീകളായിരുന്നു. ചുരുക്കത്തിൽ എല്ലാം തന്നെ സ്ത്രീകളായിരുന്നു കൈകാര്യം ചെയ്തിരുന്നത്. പർദ്ദ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ ഒരിക്കലും ഹനിക്കുന്നില്ല എന്നത് പരമാർത്ഥമാണ്. ആർക്കെങ്കിലും അത് വിശ്വാസിക്കാൻ സാധിക്കുന്നില്ലെങ്കിൽ അഹ്മദികളുടെ അടുക്കൽ വന്ന് നോക്കിക്കൊള്ളുക. പിന്നീട് പറയുന്നു, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ഓഫീസിൽ എത്തിയപ്പോൾ ഇത്ര ചെറിയ ഓഫീസ് കണ്ട് ഞാൻ അത്ഭുതപ്പെടുകയുണ്ടായി.

പറയുന്നു, എനിക്ക് പുരുഷന്മാരുടെ പന്തലിലിരുന്നു കൊണ്ടും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേൾക്കുന്നതിനുള്ള അവസരം ലഭിക്കുകയുണ്ടായി. അദ്ദേഹം വരുമ്പോൾ എല്ലാവരും സമാധാനത്തോടും ആദരവോടും കൂടി എഴുന്നേറ്റ് നിൽക്കുന്ന ദൃശ്യം വിവരിക്കുക അസാധ്യമാണ്. ഞാനൊരു രാജ്യത്തിലെ പ്രസിഡന്റിനു വേണ്ടിയും ഇത്തരത്തിലുള്ള ദൃശ്യം കണ്ടിട്ടില്ല. പിന്നീട് പറയുന്നു, പ്രഭാഷണമദ്ധ്യേ വൃദ്ധരും കുട്ടികളും യുവാക്കളുമടങ്ങുന്ന ജനാവലി നിശബ്ദരായിരിക്കുന്ന ആ ദൃശ്യം കണ്ടപ്പോൾ അവർ മനുഷ്യരല്ല, മനുഷ്യകോലത്തിലുള്ള പ്രതിമകളാണെന്ന് തോന്നിപ്പോയി. ഈ ആദരവും ബഹുമാനവുമെല്ലാം എന്റെ ജീവിതത്തിലെ വിചിത്രമായ അനുഭവങ്ങളായിരുന്നു.

പിന്നീട് സെറാല്യൂനിൽ നിന്നുള്ള ആഭ്യന്തര എമിഗ്രേഷൻ മന്ത്രി ജെവിദാവൂദ സാഹിബയും പങ്കെടുത്തിരുന്നു. പറയുന്നു, വിവിധ വിഭാഗങ്ങളുടെ മന്ത്രിയെന്ന നിലയിൽ ലോകം മുഴുവനും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. വലിയ വലിയ കോൺഫറൻസുകളിൽ പങ്കെടുക്കുന്നു. എന്നാൽ ഇന്നേ വരെ ഇത്ര മഹത്തായ കോൺഫറൻസ് ഞാൻ കണ്ടിട്ടില്ല. അതിൽ സ്നേഹവും സാഹോദര്യവും ആത്മീയതവും മാത്രമാണ് കാണാൻ കഴിഞ്ഞത്.

സെറല്യൂനിലെ ഒരു അതിഥിയായ സ്ത്രീ ബഹുമാന്യ ജസ്റ്റീസ് മൂസാ ദമീവോ പറയുന്നു, അവരും ഹൈക്കോർട്ടിലെ ജഡ്ജിയാണ്. പറയുന്നു, ജൽസയെ ഏറ്റവും നല്ല രീതിയിൽ നിരീക്ഷിക്കപ്പെട്ടു. ഇതിൽ എല്ലാ ഭാഗങ്ങളും അതിഥി സൽക്കാരവും, ട്രാൻസ്പോർട്ടും,സെക്യൂരിറ്റി കമ്മ്യൂണിക്കേഷനുമെല്ലാം ഉത്തമമായ നിലയിൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയുണ്ടായി. വിവിധ വേർതിരുവുകളുടേയും സമൂഹങ്ങളുടേയും അകൽച്ചയെ ലോകത്തുനിന്ന് നിഷ്കാസനം ചെയ്യുന്നതിൽ ഈ ജൽസ വളരെയധികം പ്രാധാന്യമർഹിക്കുന്നു. പരസ്പരമുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതിനായി നബിതിരുമേനി(സ) പറഞ്ഞ അടിസ്ഥാന തത്വം എല്ലാവരും പരസ്പരം സഹോദരങ്ങളാണ് എന്ന

താണ്. എല്ലാ പ്രഭാഷകരും ഉത്തമമായ നിലയിൽ പ്രഭാഷണങ്ങൾ നിർവഹിച്ചു. അക്കാരണത്താൽ മുഴുവൻ ജൽസയ്ക്കിടയിൽ എല്ലാവരും പരസ്പരം ലാഭേഛ കൂടാതെ സമർപ്പിതരാകുകയായിരുന്നു. ആതിഥേയത്വം ഏറ്റവും ഉത്തമമായിരുന്നു. നിങ്ങളെ ഏറ്റവും ആദരവും ബഹുമാന്യതയോടും കൂടിയാണ് താമസിപ്പിക്കുന്നത് എന്നത് അനുഭവിച്ചറിഞ്ഞിരുന്നു. പറയുന്നു, പണിയെടുക്കുന്ന എല്ലാവരും തന്നെ പുഞ്ചിരിച്ചുകൊണ്ടിരുന്നു. ഇത് *എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്* എന്ന അഹ്മദിയ്യത്തിന്റെ മുദ്രാവാക്യത്തിന്റെ യഥാർത്ഥ പ്രതിഫലനമായിരുന്നു. പിന്നീട് ഐവറികോസ്റ്റിൽ നിന്നുള്ള ഒരു അതിഥിയായ കുറേലി സാഹിബ് അദ്ദേഹം സുപ്രീം കോർട്ടിലെ ജഡ്ജിയാണ് കൂടാതെ ഒരു മന്ത്രാലയത്തിൽ ഡയറക്ടർ എന്ന നിലയിൽ കുറേ കാലം പ്രവർത്തിച്ചിരുന്നു. മതപരമായ കാര്യങ്ങളിൽ വളരെ തൽപര്യമുള്ള വ്യക്തിയാണ്. മതഗ്രന്ഥങ്ങൾ വായിക്കാനുള്ള താൽപര്യമുണ്ട്. നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നു. താമസിച്ചിരുന്ന സ്ഥലത്ത് നിത്യവും സുബ്ഹി നമസ്കാരവും നഫൽ നമസ്കാരവും അനുഷ്ഠിക്കുമായിരുന്നു. ജമാഅത്തായ നമസ്കാരത്തിൽ നിന്ന് പിന്തള്ളപ്പെടാതിരിക്കുന്നതിനായി ജൽസയുടെ സമയങ്ങളിലും നമസ്കാരത്തിന്റെ സമയത്തെ കുറിച്ച് അന്വേഷിച്ചു കൊണ്ടിരുന്നു. ജലസയുടെ ഉദ്ഘാടന സെഷനിൽ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ പദ്യം ആലപിക്കപ്പെട്ടപ്പോൾ വികാരാവേശത്താൽ കണ്ണുനീർ പൊഴിച്ചു. പിന്നീട് പറഞ്ഞു, ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ നേരെ ഹൃദയത്തിലേക്ക് ഇറങ്ങുകയായിരുന്നു. ഭയഭക്തിയുടെ ഹൃദയഹാരിയായ ഈ വിഷയം ആദ്യമായിട്ടാണ് കേൾക്കുന്നത്. ഞാനൊന്നും തന്നെയല്ല എന്നത് ബോധ്യമാക്കി. തൽഫലമായി എനിക്കെന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ സാധിച്ചില്ല. സമാപനത്തിൽ പറയുന്നു. ഞാൻ മൂന്നു ദിവസമായി ഭൗതിക ലോകത്ത് നിന്ന് വിഛേദിക്കപ്പെട്ടിരുന്നു. മറ്റേതോ ആത്മീയ ലോകത്തെത്തിക്കഴിഞ്ഞിരുന്നു. അവിടെ ആനന്ദം മാത്രമാണുണ്ടായിരുന്നത്. ഭൗതിക ജോലികളിൽ നിന്ന് തികച്ചും സ്വാതന്ത്ര്യമായിരുന്നു. ജൽസ സമാപിച്ചപ്പോൾ ഈ ലോകത്തേക്ക് തിരിച്ച് വരികയും സ്വന്തക്കാർക്കും ബന്ധുക്കാർക്കും ഫോൺ ചെയ്യുകയും ചെയ്തു.

ഇതാണ് അന്യരുടെ അവസ്ഥ. ആത്മീയ അന്തരീക്ഷത്തിൽ അവർ പ്രഭാവിതരാകുന്നു. ഞങ്ങളെ നല്ല രീതിയിൽ ശ്രദ്ധിച്ചു, നന്ദി പറയുന്നതിനുള്ള വാക്കുകളില്ല എന്ന് പറയുന്നു.

കോഗോയുമായി ബന്ധമുള്ള ബന്ധമുള്ള ഒരു സുഹൃത്ത്, അദ്ദേഹം മുൻ മന്ത്രിയും ഇപ്പോൾ സി.ആർ.എസ്.ഐ എന്ന പാർട്ടിയുടെ അദ്ധ്യക്ഷനുമാണ്. കൂടാതെ അടുത്ത തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനാർത്ഥിയുമാണ്. ജൽസയുടെ രണ്ടാമത്തെ ദിവസം ഒരു ദിവസത്തേക്ക് വേണ്ടി മാത്രമായി എത്തിയിരുന്നു. രണ്ടാമത്തെ ദിവസത്തെ പരിപാടികളിൽ പങ്കെടുത്തിരുന്നു. ഡിന്നറിലും ഭാഗവാക്കായിരുന്നു. അന്നേരം അല്പനേരത്തേക്ക് ഞാനുമായി കൂടിക്കാഴ്ച്ചയും നടത്തിയിരുന്നു. അദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് അറിവുണ്ടായിരുന്നില്ല. ജൽസയിലെ ദൃശ്യങ്ങൾ സ്വന്തം കണ്ണുകൾകൊണ്ട് ദർശിക്കുകയും എന്റെ പ്രഭാഷണം കേൾക്കുകയും ചെയ്തതിനു ശേഷം പറയുന്നു, ഇവിടെ വരുന്നതിന് മുമ്പ് നിങ്ങളുടെ എതിരാളികളെ കാണുകയും അവരുടെ ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്തിരുന്നു. ഇന്ന് എനിക്ക് വ്യക്തമായി പറയാൻ കഴിയുന്നത്, ഇന്ന് ഞാൻ ഇവിടെ കണ്ട കാര്യങ്ങളും, ഇവിടെ ഞാൻ കണ്ട നിങ്ങളുടെ ഖലീഫയും എന്നിൽ സപഷ്ടമാക്കിയിരുന്നത് എതിരാളികളുടെ വാക്കുകളിൽ യാതൊരു യാഥാർത്ഥ്യവും ഇല്ലെന്നാണ്. മറിച്ച് നിങ്ങളുടെ ഖലീഫ വിവരിക്കുന്ന മാർഗങ്ങളും തത്വങ്ങളും കാരണത്താൽ ലോകത്തിന് നിങ്ങളുടെ ഖലീഫയുടെ കരങ്ങളിലേക്ക് വരുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ല. അദ്ദേഹം ഹദീഖത്തുൽ മഹ്ദിയിലേക്ക് പ്രവേശിച്ചപ്പോൾ ഇവിടെ മുഴുവൻ പട്ടണത്തേയും അധിവസിപ്പിച്ചതായി കണ്ടപ്പോൾ പറയുന്നു, താങ്കൾ മുഴുവൻ ഇംഗ്ലണ്ടും വിലക്കു വാങ്ങിയിരിക്കുകയാണോ? പിന്നീട് പറയുന്നു, കുറഞ്ഞത് മൂവായിരം നാലായിരം ആളുകൾ ഇവിടെ പണിയെടുക്കുന്നുണ്ടാകും. എല്ലാവരും സന്നദ്ധ സേവകരെന്ന നിലയിലാണ് സേവനം അനുഷ്ഠിക്കുന്നത് എന്ന് പറയപ്പെട്ടപ്പോൾ പറഞ്ഞു, വളരെ അത്ഭുതകരം തന്നെ. ഇത് എന്റെ ചിന്തയ്ക്കതീതമായ കാര്യമാണ്. പിന്നീട് പറയുന്നു, ഇത്ര വലിയ ജനാവലിയിൽ പോലീസുകാരെയും കാണുന്നില്ല. ജൽസയുടെ ഇടയിൽ അദ്ദേഹം ചില ജോലിക്കാരുമായും സംഭാഷണം നടത്തി. അവരിൽ ചിലർ വലിയ പദവികളിൽ ഇരിക്കുന്നവരാണെന്നും തുഛമായ പണികളാണ് ചെയ്യുന്നത്, തറയിൽ കിടന്നാണ് ഉറങ്ങുന്നത് എന്നറിഞ്ഞപ്പോൾ ഇത് മുമ്പൊരിക്കലും കാണാത്ത അച്ചടക്കത്തിന്റെ ഉന്നതനിലവാരമാണെന്ന് ബോധ്യമായി. നിങ്ങളുടെ ജമാഅത്തിനെ ആർക്കും പരാജയപ്പെടുത്താൻ സാധ്യമല്ല. പിന്നീട് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ രണ്ടാം ദിവസത്തെ പ്രഭാഷണത്തിന് ശേഷം പറയുന്നു, താങ്കളുടെ പ്രഭാഷണത്തിൽ നിന്നും ഞാനേറ്റവും കൂടുതൽ അനുഭവിച്ചറിഞ്ഞ കാര്യം പ്രകടിപ്പിക്കാതിരിക്കാൻ എനിക്ക് കഴിയില്ല. ഞാൻ ലോകത്തിലെ വലിയ വലിയ രാഷ്ട്രീയ നേതാക്കന്മാരെ കണ്ടിട്ടുണ്ട്. അവരുടെ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഞങ്ങൾ രാഷ്ട്രീയക്കാർക്ക് എല്ലാ വർഷവും പൊതുജനങ്ങൾക്കു മുന്നിൽ ഞങ്ങൾ ചെയ്തത് സത്യസന്ധമായി അവതരിപ്പിക്കാൻ സാധിച്ചാൽ ഭരണത്തിലും പൊതുജനങ്ങളിലും വലിയ പരിവർത്തനം ഉണ്ടാകുന്നതാണ്. എന്നാൽ ഇത് എളുപ്പമുള്ള കാര്യമല്ല. രണ്ട് മണിക്കൂർ ഇത്തരത്തിൽ നിന്ന് കൊണ്ട് സമാധാനത്തോടു കൂടി എല്ലാ കാര്യങ്ങളേയും സംഭവങ്ങളേയും ഇത്തരത്തിൽ തുറന്ന് പറഞ്ഞുകൊണ്ട് കൃത്യമായ എണ്ണത്തോടു കൂടി സമർപ്പിക്കുക വളരെ വലിയ ജോലി തന്നെയാണ്. പിന്നീട് പറയുന്നു, ഇന്ന് 30,000 ത്തിലധികം ആളുകളുടെ സാന്നിദ്ധ്യത്തിൽ നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം കേട്ടുകൊണ്ടിരുന്നപ്പോൾ, പ്രഭാഷണമദ്ധ്യേ സംസാരിക്കുവാനായി ഒരു വ്യക്തിയും ധൈര്യപ്പെട്ടില്ല. പയുന്നു, ഞാൻ കണ്ടത് അത്ഭുതകരമായ കാര്യമായിരുന്നു. പ്രഭാഷണമദ്ധ്യേ നിങ്ങളുടെ ഖലീഫ അൽപസമയത്തേക്ക് പ്രഭാഷണം നിർത്തുമ്പോൾ ഈ പന്തലുകളിൽ മനുഷ്യരല്ല ഇരിക്കുന്നത് എന്ന് തോന്നിയിരുന്നു. നിശബ്ദത തളം കെട്ടി നിന്നിരുന്നു. ആരെങ്കിലും സംസാരിക്കുന്നുണ്ടാവും എന്ന് കരുതി പരതി നോക്കിയപ്പോൾ ആരെയും സംസാരിക്കുന്നതായി കണ്ടില്ല. എല്ലാവരുടേയും കണ്ണുകളും സ്റ്റേജിലേക്കായിരുന്നു. തുടർന്ന് പറയുന്നു, ഈ ദൃശ്യം ഞാനൊരിക്കലും മറക്കില്ല. ഇത്തരത്തിലുള്ള അച്ചടക്കത്തിന്റെയും അനുസരണത്തിന്റെ മാതൃക ഒരിടത്തും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. ബെൽജിയത്തിൽ നിന്നുള്ള ഒരു സുഹൃത്ത് നീണ്ട കാലമായി ഉത്തരാഫ്രിക്കയിൽ കഴിയുകയാണ്. ജൽസയിൽ പങ്കെടുത്തിരുന്നു. എം.ടി.എ മുഖേനയാണ് ജമാഅത്തിനെ സംബന്ധിച്ച് അറിഞ്ഞത്. പരിപാടികളിൽ പങ്കെടുത്തിരുന്നു. വി.ഐ.പികൾക്കായി ഭക്ഷണത്തിന് പ്രത്യേക പന്തലിൽ സൗകര്യം ഒരുക്കിയിരുന്നു. എന്നാൽ അദ്ദേഹം സാധാരണക്കാരുടെ ഭക്ഷണത്തിനായി ഒരുക്കിയ പന്തലിലായിരുന്നു പോയിരുന്നത്. ആഗോള ബയ്അത്തും മറ്റ് പരിപാടികളും അദ്ദേഹത്തെ വളരെ സ്വാധീനിച്ചു. ബയ്അത്ത് ചെയ്യുകയും ജമാഅത്തിൽ അംഗമാകുകയും ചെയ്തു.

ബെൽജിയത്തിൽ നിന്നുള്ള മറ്റൊരു സുഹൃത്തും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ബെൽജിയത്തിൽ നൈജർ കമ്മ്യൂണിറ്റിയുടെ മെമ്പറാണ്. ഇവരുടെ സ്വന്തം സെന്ററുമുണ്ട്. അവ

രുടെ കമ്മ്യൂണിറ്റിയിലെ ആളുകൾ ജമാഅത്തിലേക്ക് പ്രവേശിക്കുന്നതു കൊണ്ട് അവർ അവരുടെ ഒരു പ്രതിനിധിയെ അയച്ചു. ജൽസാ സാലാന ജർമനിയുടെ അവസരത്തിൽ അവരിൽ നിന്നുള്ള 22 പേർ ബയ്അത്ത് ചെയ്തിരുന്നു. ഇവരുടെ സെന്ററിലുള്ള അംഗങ്ങൾ കുറയുകയും ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ്. ഈ കമ്മ്യൂണിറ്റി സംഘാടകർ അദ്ദേഹത്തെ പ്രതിനിധിയാക്കിക്കൊണ്ട് ഇങ്ങോട്ട് അയക്കുകയായിരുന്നു. ഇത് എത്തരത്തിലുള്ള ജമാഅത്താണെന്നും, എന്ത് കൊണ്ടാണ് ആളുകൾ അവരെ ഉപേക്ഷിച്ച് ജമാഅത്തിൽ ചേരുന്നതെന്നും അന്വേഷിച്ചിരിക്കുക എന്ന ലക്ഷ്യത്തിനായിട്ട്. അങ്ങനെ അദ്ദേഹം ജൽസയിൽ പങ്കെടുത്തു. ജമാഅത്തിന്റെ ന്യൂനതകളും ദൗർബല്യങ്ങളും കണ്ടുപിടിക്കുകയും തിരിച്ച് ചെന്ന് ജനങ്ങളോട് നിങ്ങൾ ചേരുന്ന ജമാഅത്തിൽ ഇന്നയിന്ന തെറ്റായ വിശ്വാസങ്ങളുണ്ട്, ഇന്നയിന്ന ദൗർബല്യങ്ങളുണ്ട് എന്ന് പറയുകയും ചെയ്യണം എന്ന ഉദ്ദേശ്യത്തോടു കൂടിയായിരുന്നു വന്നത്. അദ്ദേഹം ജൽസയുടെ എല്ലാ പരിപാടികളും ശ്രവിച്ചു. ജൽസയ്ക്കിടയിൽ വിവിധ വിഷയങ്ങളെ കുറിച്ച് സംസാരിച്ചു. അതിലെല്ലാം അദ്ദേഹത്തിന് പൂർണ്ണ സംതൃപ്തി ലഭിച്ചിരുന്നു. അൽപനേരത്തേക്ക് ഞാനുമായും സംസാരിച്ചിരുന്നു. പറയുന്നു, മുഴുവൻ ജൽസയിലും അനിസ്ലാമികമായി ഒന്നും കാണാൻ കഴിഞ്ഞില്ല. നിങ്ങളുടെ പ്രഭാഷണങ്ങൾ എന്നെ വളരെ സ്വാധീനിച്ചു. ജൽസയിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാൻ വളരെ സന്തുഷ്ഠനാണ്. നിങ്ങളുടെ ജൽസ വിശേഷമായ സംഭവം തന്നെയാണ്. ഇതിനായി പ്രയത്നിക്കുന്ന എല്ലാ ജോലിക്കാരുടേയും സ്നേഹത്താലും ആത്മാർത്ഥതയാലും ഞാൻ പ്രഭാവിതനാണ്.

താജിക്കിസ്ഥാൻ ജമാഅത്തിന്റെ പ്രസിഡന്റ് ഇസ്സത്ത് അമാൻ സാഹിബിനും ജൽസയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭിക്കുകയുണ്ടായി. മുൻപും പങ്കെടുത്തിട്ടുണ്ട് പറയുന്നു, ജൽസയിൽ ഞാൻ കണ്ടതിനെ വിവരിക്കാനുള്ള വാക്കുകൾ എന്റെ പക്കലില്ല. ജൽസയുടെ അവസ്ഥകളെ ചിത്രീകരിക്കാൻ കഴിയുമെങ്കിൽ തന്നെ ഇതൊരു സത്യദൃഷ്ടാന്തമാണ് എന്നല്ലാതെ മറ്റൊന്നും എനിക്ക് പറയാൻ കഴിയില്ല. ജൽസയിൽ പങ്കെടുത്തവരുടെ ഹൃദയത്തിൽ ഖലീഫയോടും ഹദ്റത് മസീഹ് മൗഊദ്(അ) നോടുമുള്ള അനുരക്തി നിറഞ്ഞരിക്കുകയാണ്. ഈ അനുരക്തിയാണ് അവരെ പകലന്തിയോളം ജമാഅത്തിന്റെ സേവനത്തിനായി പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നത്. ജൽസാ സാലാനയുടെ ഇത്രയും ദിവസത്തെ സംവിധാനത്തിൽ യാതൊരു ന്യൂനതയും കാണാൻ കഴിഞ്ഞിട്ടില്ല. എല്ലാ സംവിധാനങ്ങളും ഉന്നത നിലവാരത്തിലുള്ളതായിരുന്നു. പറയുന്നു, ഈ ജൽസ കണ്ടുകൊണ്ട് ഇതിലെ പ്രഭാഷണങ്ങൾ ശ്രവിച്ചു കൊണ്ട് അയിരക്കണക്കിന് ആളുകൾ തങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കിയിട്ടുണ്ടാകും

താത്താരിസ്ഥാനിലെ ഒരു അഹ്മദി സ്ത്രീക്കും ജൽസയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. അവർ പറയുന്നു, ജൽസാ സാലാനയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ എന്റെ ഹൃദയം കൃതജ്ഞതാ വികാരത്താൽ ഭരിതമാണ്. ജൽസാ സാലാനയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ ഞാനാദ്യമായി അല്ലാഹുവിന് നന്ദി പറയുന്നു. അതിനു ശേഷം കാലത്തിന്റെ ഖലീഫക്ക് നന്ദി പറയുന്നു. ജൽസാ സാലാനയുടെ സംവിധാനമായി ബന്ധപ്പെട്ട് പകലന്തിയോളം കഠിനമായി പരിശ്രമിക്കാൻ അവസരം ലഭിച്ചവർക്കും ഞാൻ നന്ദി പറയുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നവർ എങ്ങിനെയാണ് പരസ്പരം പുഞ്ചിരിച്ചുകൊണ്ട് സേവനതൽപരതയോടുകൂടി സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് പരസ്പരം കണ്ടുമുട്ടുന്നതെന്ന കാര്യം എന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചു. ആദ്യമായിട്ടാണ് ജൽസാ സാലാനയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചത്. ഇതിനു മുമ്പ് എം.ടി.എ മുഖേനയാണ് ജൽസയിൽ നിന്ന് ഫലമെടുത്തുകൊണ്ടിരുന്നത്. ജൽസയുടെ അന്തരീക്ഷത്തിൽ എത്തപ്പെട്ടപ്പോൾ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ആത്മീയ ലോകത്ത് എത്തിപ്പെട്ടതായി അനുഭവപ്പെട്ടു. പറയുന്നു, ഞാൻ ഒരു വലിയ ഐക്യമുള്ള കുടുംബത്തിലാണെന്നാണ് വളരെ ശക്തമായ നിലയിൽ എനിക്ക് അനുഭവപ്പെട്ടത്. ഏകനായ അല്ലാഹുവിന്റെയും, ഹദ്റത് മുഹമ്മദ് മുസ്തഫാ (സ) യുടെയും, ആ മഹാത്മാവിന്റെ സത്യപ്രേമിയായ ഹദ്റത് മിർസാ ഗുലാം അഹ്മദ്(അ) ന്റെയും സ്നേഹം ഹൃദയത്തിൽ വിരാജിക്കുന്നു. ജമാഅത്തംഗങ്ങൾ പരസ്പരം സ്നേഹവും ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നു. അഹ്മദിയ്യാ മുസ്ലിം ജമാത്തുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിൽ ഞാൻ വളരെ ഭാഗ്യവതിയാണ്. ഈ ജൽസ എന്നെ ശക്തമായി സ്വാധീനിക്കുകയുണ്ടായി. അക്കാരണത്താൽ അടുത്തവർഷം ജൽസാ സാലാനയിൽ ഞാനെന്റെ എല്ലാ മക്കളേയും മാതാവിനേയും കൂട്ടിക്കൊണ്ടു വരുന്നതാണെന്ന് തീരുമാനിച്ചിരിക്കുന്നു. إِنْ شَاءَ الله

തുർക്ക്മാനിസ്ഥാനിൽ നിന്ന് ഒരു സുഹൃത്ത് പങ്കെടുക്കുകയുണ്ടായി. പറയുന്നു, ജൽസാ സാലാനയിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഞങ്ങളുടെ ഭാഗ്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഞങ്ങൾ ഈ ജൽസയിൽ നിന്ന് വളരെ ഫലമെടുക്കുകയുണ്ടായി. അത് കത്തുകളിലൂടെ വിവരിക്കുക അസാധ്യമാണ്. സംക്ഷിപ്തമായി പറഞ്ഞാൽ ഈ ജൽസാ ഇസ്ലാമിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ അറിവിനെ പുതുക്കുകയുണ്ടായി. അല്ലാഹുവിനെയും ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) യെയും സംബന്ധിച്ചുള്ള സ്മരണകളെ വർദ്ധിപ്പിച്ചു. തങ്ങളുടെ സഹോദരീ സഹോദരന്മാരെ സ്നേഹിക്കണമെന്ന ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച് ഞങ്ങളതിൽ വർദ്ധനവുണ്ടാക്കി. കൂടാതെ അഹ്മദിയ്യാ മുസ്ലിം എന്ന നിലയിൽ ഞങ്ങളുടെ വിശ്വാസത്തിന്റെ അടിത്തറയെ കൂടുതൽ ബലവത്താക്കി. അങ്ങനെ ഞങ്ങളുടെ സഹനശക്തിയെ ബലപ്പെടുത്തി. നവ അഹ്മദികൾ തങ്ങളുടെ വിശ്വസത്തിലും ആത്മാർത്ഥതയിലും ഇത്തരത്തിൽ പുരോഗതി കൈവരിക്കുന്നു.

ചിലിയിൽ നിന്ന് ഒരു യുവ സുഹൃത്ത് കൈഫുൽ തോഡീ സാഹിബ് വന്നിരുന്നു. പറയുന്നു, ജൽസാ സാലാനയിൽ പങ്കെടുത്തത് എനിക്ക് ആത്മീയ ആനന്ദത്തിനും സന്തോഷത്തിനും നിദാനമായി. എന്റെ പിതാവ് മിസ്രി മുസ്ലിമും മാതാവ് ചിലിയിൽ നിന്നുള്ളവരുമാണ്. എന്റെ പിതാവ് കുട്ടിക്കാലത്ത് തന്നെ എനിക്ക് ഇസ്ലാമിനെ സംബന്ധിച്ച് പഠിച്ചിരുന്നു. അത് ഞാൻ വിസ്മരിച്ച് കഴിഞ്ഞിരിന്നു. ഞാൻ തികച്ചും നിരാശനായി കഴിഞ്ഞിരിന്നു. പലതലമുറകളായി ഈ കുടുംബം ചിലിയിൽ താമസക്കാരാണ്. പറയുന്നു, അവിടെ അഹ്മദിയ്യാ മുബല്ലിഗ് പാംഫ്ലറ്റ് വിതരണം ചെയ്യുകയായിരുന്നു. അന്നേരം മുബല്ലിഗുമായി കണ്ടുമുട്ടി. അദ്ദേഹം എന്നെ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിനെ പരിചയപ്പെടുത്തി. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്തു. ജൽസാ സാലാന യു.കെയിൽ പങ്കെടുത്തത് എന്നെ സംബന്ധിച്ചിടത്തോളം വളരെയധികം വിശ്വാസ വർദ്ധനവിന് കാരണമായിത്തീർന്നു. ഞാനിപ്പോൾ സ്വയം യഥാർത്ഥ മുസ്ലിമായി ഗണിക്കുന്നു. അവിടെ അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കുന്നതാണ് എന്ന നിശ്ചയവുമായിട്ടാണ് ഞാൻ മടങ്ങുന്നത്.

പനാമയിൽ നിന്ന് ഒരു നവ അഹ്മദി ദാൻതേ നസ്തു സാഹിബ് വന്നിരുന്നു. പനാമയിൽ നിന്ന് ആദ്യമായിട്ടാണ് ജൽസയിൽ പങ്കെടുക്കുന്നത്. പറയുന്നു, ജൽസയിൽ നിന്ന് പലതും പഠിച്ചു. ജൽസയിൽ പങ്കെടുത്തത് കാരണത്താൽ എന്റെ വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടായി. ഇവിടെ ഞാൻ ദർശിച്ച സാഹോദര്യം ഇസ്ലാമിൽ മറ്റെവിടെയും കണ്ടിട്ടില്ല. ഇവിടെ വന്നുകൊണ്ട് വളരെ സന്തുഷ്ഠനാണ്. മനസ്സിന് സമാധാനം ലഭിച്ചു. അല്ലാഹു

എനിക്ക് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുള്ള സൗഭാഗ്യം നൽകി എന്നതിൽ ഞാൻ വളരെ അഭിമാനിക്കുന്നു. ജൽസയുടെ ദിവസങ്ങളിൽ എനിക്ക് വിവിധ രാജ്യങ്ങളിലെ അഹ്മദികളുമായി പരിചയപ്പെടുന്നതിനുള്ള അവസരം ലഭിച്ചു. വിവിധ സമുദായങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു അവർ. അവരിൽ നിന്നും വിശ്വാസ വർദ്ധക സംഭവങ്ങൾ കേട്ടുകൊണ്ട് എന്റെ വിശ്വാസത്തിലും വർദ്ധനവുണ്ടായി. എന്റെ രാജ്യമായ പനാമയിൽ തബ്ലീഗ് ചെയ്തു കൊണ്ട് ജനങ്ങളെ അഹ്മദിയാക്കുന്നതിനായി ശ്രമിക്കുന്നതാണ്. പറയുന്നു, ജൽസയിൽ ധാരാളം പേർ പങ്കെടുത്തിരുന്നു, അനേകം ജനങ്ങളുണ്ടായിരുന്നു. എല്ലാവരിലും ഒരേ ഹൃദയമാണ് മിടിച്ചു കൊണ്ടിരിക്കുന്നതെന്ന് തോന്നിപ്പോകുമായിരുന്നു. ശരീരങ്ങൾ 30,000 ആയിരുന്നുവെങ്കിലും ഹൃദയം ഒന്നായിരുന്നു.

ഗോയിട്ട മാലയിൽ നിന്ന് അവിടത്തെ നാഷണൻ പാർലമെന്റ് മെമ്പർ സർക്കിയാലീസാ പങ്കെടുത്തിരുന്നു. കൃസ്തീയനാണ്. പറയുന്നു, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഉന്നതമായ ധാർമ്മിക ഗുണങ്ങളിലും പരസ്പര സ്നേഹത്തിലും, ഐക്യത്തിലും, സുദൃഢമായ വിശ്വാസത്തിലും വളരെ പ്രഭാവിതനാണ്. ഇത്തരത്തിലുള്ള സ്നേഹം ഞാൻ മറ്റെവിടെയും ദർശിച്ചിട്ടില്ല. ജമാഅത്ത് സംവിധാനം പ്രശംസാർഹമാണ്. വളരെ പ്രൗഢോജ്ജ്വലമായ ജൽസയായിരുന്നു. എല്ലാവരാലും പ്രഭാവിതനാണ്. അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന ഇസ്‌ലാമിന്റെ സുന്ദരമായ ചിത്രം മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. വിവിധ നാടുകളിൽ നിന്നുള്ള വ്യത്യസ്ത സമുദായങ്ങളിൽ നിന്നുള്ളവരായിരുന്നുവെങ്കിലും എല്ലാവരിലും ഒരേ ഹൃദയമാണ് മിടിച്ചു കൊണ്ടിരിക്കുന്നതെന്ന് തോന്നുമായിരുന്നു. ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത് ഞാൻ ഭാഗ്യമായി മനസ്സിലാക്കുന്നു.

ജപ്പാനിൽ നിന്ന് ഒരു വനിത മിനിസാക്കിഹി വോസ വന്നിരുന്നു. അവർ പി.എച്ച്.ഡി എടുത്തവരാണ്. അവർ ജപ്പാനിലെ ഒരു യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. ജപ്പാനീസ് കൂടാതെ ഇംഗ്ലീഷും, അറബിയും വശമുണ്ട്. മുസ്‌ലിമല്ല. അവർ പറയുന്നു, ജൽസാ സാലാനയിൽ പങ്കെടുത്ത് വളരെ സന്തുഷ്ഠയാണ്. അറബി അഹ്മദികളെ പരിചയപ്പെട്ട് കൊണ്ടും ജൽസയുടെ ചുറ്റുപാടിൽ നിന്നും വളരെ പ്രഭാവിതയാണ്. പറയുന്നു, ജപ്പാനിൽ സുനാമിയുടെ ഫലമായി നാശനഷ്ടങ്ങൾ ഉണ്ടായ സമയത്ത് അഹ്മദിയ്യാ ജമാഅത്ത് മതവർഗ ഭേതമന്യേ മനുഷ്യത്വത്തിന് വളരെയധികം സേവനം നൽകിയിരുന്നു. ജമാഅത്തിന്റെ വിശ്വാസത്തിലും പ്രവർത്തനത്തിലും യാതൊരു വ്യതിരിക്തതയും ഇല്ല. പറയുന്നത് തന്നെയാണ് പ്രവർത്തിക്കുന്നതും.

ഗയാനയിൽ നിന്നുള്ള അമുസ്‌ലി പാർലമെന്റ് മെമ്പർ നാദിർ മൻസൂർ സാഹിബ് പങ്കെടുത്തിരുന്നു. വളരെ കാലമായി പാർലമെന്റംഗമാണ്. ലേബർ മന്ത്രിയുമായിരുന്നു. ഇൻഡസ്ട്രിയൽ സൊമേഴ്സിന്റെ മന്ത്രയുമായിരുന്നു. ഇപ്പോൾ ഗയാനാ പ്രസിഡന്റിന്റെ നയതന്ത്ര ഉപദേഷ്ടാവുമാണ്. പറയുന്നു, ജൽസാ സാലാനയുടെ സംവിധാനത്തിൽ വളരെ പ്രഭാവിതനാണ്. മൂന്ന് ദിവസവും പങ്കെടുത്തിരുന്നു. രണ്ടാമത്തെ ദിവസം നടപ്പു വർഷത്തിൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടായ പുരോഗതിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരുന്നു. പറയുന്നു, ഈ വർഷത്തിനിടയിൽ അഹ്മദിയ്യാ ജമാഅത്തിനുണ്ടായ പുരോഗതിയും അല്ലാഹുവിന്റെ സഹായ സഹകരണങ്ങളുടെ സംഭവങ്ങളും എന്നെ വളരെയധികം സ്വാധീനിച്ചു.

ബെൽജിയത്തിൽ നിന്ന് ഒരു അനഹ്മദി സ്ത്രീ മിർസാലെ അനി മാറിയാ ജൽസയിൽ പങ്കെടുത്തിരുന്നു. ഐ.ടി കൺസൾട്ടന്റ് ആണ്. പറയുന്നു, ജമാഅത്തിലെ ഒരംഗം മുഖേന ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞു. ബാക്കി വിവരങ്ങൾ ജമാഅത്തിന്റെ വെബ് സൈറ്റിലൂടെ കരസ്ഥമാക്കി. അവരുടെ താൽപര്യം കണ്ട് കൊണ്ട് ബെൽജിയം ജമാഅത്ത് അവരെ യു.കെ ജൽസാ സാലാനയിലേക്ക് ക്ഷണിച്ചു. അങ്ങനെ അവർ വന്നു. ജൽസയുടെ എല്ലാ പരിപാടികളും കണ്ടു. യൂറോപ്യൻ അഹ്മദി സ്ത്രീകളുമായി കൂടിക്കാഴ്ച്ച നടത്തി. ജാമിഅ അഹ്മദിയ്യായിലായിരുന്നു താമസിച്ചിരുന്നത്. അവിടെ തഹജ്ജുദ് നമസ്കാരം നടക്കുന്ന സമയത്ത് ഏകാന്തയായി വിഷമിച്ചിരിക്കുകയായിരുന്നു. നമസ്കരിക്കാൻ അറിയില്ലായിരുന്നു. നമസ്കരിക്കാൻ ആഗ്രഹിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ, അതെ എന്ന് മറുപടി പറഞ്ഞു. പിന്നീട് ഒരു നവഅഹ്മദി അവരെ വുളു എടുക്കാൻ പഠിപ്പിച്ചു. നമസ്കാരത്തിന്റെ രീതി പറഞ്ഞു കൊടുത്തു. അങ്ങനെ നമസ്കാരത്തിൽ പങ്കെടുത്തു. ആദ്യ ദിവസം അവർ ജീൻസും ഷർട്ടുമായിരുന്നു ധരിച്ചത്. ജൽസാ ഗാഹിൽ സ്ത്രീകളുടെ വസ്ത്രധാരണം അവരെ സ്വാധീനിച്ചു. ബെൽജിയം മുബല്ലിഗിന്റെ ഭാര്യയോട് ഞാനും ഇത്തരത്തിലുള്ള വസ്ത്രം ധരിക്കാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. ആ സ്ത്രീ ഇവിടെയുള്ള ബസാറിൽ നിന്ന് അത്തരം വസ്ത്രം വാങ്ങി ധരിക്കുകയുണ്ടായി. എന്റെ പ്രഭാഷണം ശ്രവിച്ചതിന് ശേഷം പറയുന്നു. യഥാർത്ഥ ഇസ്‌ലാമിനെ കുറിച്ചും മുത്തഖിയെ കുറിച്ചുമുള്ള പ്രഭാഷണം എന്നെ വല്ലാതെ സ്വാധീനിച്ചു. ഈ പ്രഭാഷണങ്ങൾ കേട്ട ശേഷം ഞാൻ മുസ്‌ലിമാകാൻ ആഗ്രഹിക്കുന്നു എന്ന് തീരുമാനിച്ചു. അങ്ങനെ അവർ ആഗോള ബയ്അത്തിൽ പങ്കെടുത്തുകൊണ്ട് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അതിലും അവർ യഥാർത്ഥത്തിൽ മറക്കുന്ന വസ്ത്രത്തിലായിരുന്നു.

ഈ ജൽസ നമ്മിലും അന്യരിലും എല്ലാം തന്നെ ആത്മീയ പ്രഭാവം ചെലുത്തുന്നു. ഒരു സൽപ്രകൃതത്തിന് ഇസ്‌ലാമിനെ സ്വീകരിച്ചുകൊണ്ട്, അംഗീകരിച്ചു കൊണ്ട് അത് സ്വായത്തമാക്കുകയല്ലാതെ മറ്റ് മാർഗമില്ല. എന്നാൽ നമ്മുടെ വിരോധികൾക്ക്, മറ്റുള്ളവരേക്കാൾ മുമ്പ് മഞ്ഞു കട്ടകളിലൂടെ ഇഴഞ്ഞിട്ടാണെങ്കിലും ഇമാം മഹ്ദിക്ക് എന്റെ സലാം എത്തിക്കണമെന്ന കൽപനയുള്ളവർക്ക് ഇക്കാര്യം മനസ്സിലാകുന്നില്ല. അല്ലാഹു അവർക്ക് ബുദ്ധി നൽകട്ടെ.

പിന്നീട് നോക്കുക അതിഥികളിൽ ഭൂരിഭാഗവും പ്രത്യേകിച്ച് അമുസ്‌ലിംകൾ അവർ കുട്ടികളുടേയും യുവാക്കളുടേയും വൃദ്ധരുടേയും സ്ത്രീകളുടേയും അതിഥ്യമര്യാദയിൽ വളരെ പ്രഭാവിതരാണ്. അവർ അതിനെ പരാമർശിക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷതയായ ഈ സേവന തൽപരത ഒരു നിശ്ശബ്ദ തബ്ലീഗാകുന്നു. ഒരു കുട്ടി വെള്ളം കുടിപ്പിച്ചു കൊണ്ട് കടന്നു പോകുന്നു. എന്നാൽ അതിന്റെ പ്രഭാവം ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നു. അത് ആ ഹൃദയത്തെ നബിതിരുമേനി (സ) യുടെ കാൽ കീഴിൽ കൊണ്ടെത്തിക്കുന്നു. ഒരു യുവാവ് ആരെയെങ്കിലും ഭക്ഷണം കഴിപ്പിക്കുന്നു, ചിലർ കാർ പാർക്കിങ്ങ് ചെയ്യിപ്പിക്കുന്നു, അവിടെ സൽസ്വഭാവത്തെ പ്രകടിപ്പിച്ചു കൊണ്ട് കാറുകൾ പാർക്കിങ്ങ് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നു. യുവാക്കളും യുവതികളും സ്കാനിങ്ങും ചെക്കിങ്ങും വളരെ സൽസ്വഭാവത്തോടു കൂടി ചെയ്യുന്നു. ലജ്നകൾ തങ്ങളുടെ സംവിധാനങ്ങൾ എല്ലാ വിഭാഗങ്ങളിലും നല്ല രീതിയിൽ ഏർപ്പെടുത്തുകയുണ്ടായി. അതിനെ സംബന്ധിച്ച് ഞാൻ പരാമർശിക്കുകയും ചെയ്തിരുന്നു. സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിൽ വ്യാപൃതരായിരുന്നു. ഇത് അവരെ സ്വന്തക്കാരുടെ ദുആക്കവകാശികളാക്കുന്നതോടൊപ്പം തന്നെ അന്യരെ ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും യാഥാർത്ഥ്യത്തെ സംബന്ധിച്ച് പരിചയപ്പെടുത്തുകയും ചെയ്യുന്നു. ആ മനോഹരമായ അദ്ധ്യാപനത്തെ പ്രകടിപ്പിക്കുന്നവരുമായിത്തീരുന്നു. അതിനാൽ എല്ലാ ജോലിക്കാർക്കും ഞാൻ നന്ദി അറിയിക്കുകയാണ്. അവർ മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ ഭംഗിയായ നിലയിൽ ധാർമിക

ഗുണങ്ങളെ പ്രകടിപ്പിച്ചു കൊണ്ട് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയുണ്ടായി.

എനിക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ പ്രതികരണങ്ങളിൽ നിന്ന് ഈ വർഷത്തെ പാർക്കിങ്ങിനെ സംബന്ധിച്ച് വളരെ നല്ല അഭിപ്രായമാണ് ലഭിച്ചിട്ടുള്ളത്. പാർക്കിങ്ങ് ചെയ്യിക്കുമ്പോൾ സൽസ്വഭാവത്തോടു കൂടി വിശേഷങ്ങൾ ചോദിച്ചറിയുകയും ബുദ്ധിമുട്ടിന് ക്ഷമ ചോദിക്കുകയും ചൂട് കാരണത്താൽ വെള്ളത്തിന് സൗകര്യം ചെയ്യുകയും ചെയ്തിരുന്നു. ഒരാൾ എഴുതുന്നു, എനിക്കാരെയും അറിയില്ലായിരുന്നു എന്നാൽ ഈ സ്വഭാവഗുണങ്ങൾ കണ്ട് യാത്രയുടെ പകുതി ക്ഷീണവും തളർച്ചയും ഇല്ലാതാകുമായിരുന്നു.

ധാർമിക ഗുണങ്ങളുടെ പ്രകടനമാണ് ഒരഹ്മദിയുടെ സവിശേഷത. ഇതെല്ലാവരും പ്രകടിപ്പിക്കേണ്ടതാണ്. അല്ലാഹു ഈ ഉന്നതസ്വഭാവ സവിശേഷതകളെ എപ്പോഴും നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അത് പോലെ തബ്ശീറിന്റെ ആതിഥ്യമര്യാദയും ഇത്തവണ മെച്ചപ്പെട്ടതായിരുന്നു. ജാമിഅയിലെ വിദ്യാർത്ഥികളും, വഖ്ഫെ നൗകളും വളരെ നല്ല പ്രവർത്തനമാണ് കാഴ്ച്ചവെച്ചത്. എല്ലാ അതിഥികളും അവരെ പ്രശംസിക്കുകയാണ്. എന്നാൽ സ്വയം എല്ലാ ജോലിക്കാരും എന്തെങ്കിലും കുറവ് ഉണ്ടായിരുന്നുവെങ്കിൽ അടുത്ത വർഷം എങ്ങിനെ അത് മെച്ചപ്പെടുത്താം എന്ന നിലയിൽ ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

കൂടാതെ ഇത്തവണ അറബികളുടെ വലിയ സംഘം തന്നെ വന്നിരുന്നു. 120 ന് മേലെ അറബികൾ ഉണ്ടായിരുന്നു. അവർക്കുള്ള സംവിധാനങ്ങൾ പൊതുവെ മുൻ വർഷത്തെ അപേക്ഷിച്ച് ഉത്തമമായിരുന്നു. അറബ് ഡെസ്കിന്റെ നാഇബ് സിക്രട്ടറി അതിന്റെ ഇൻചാർജായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ ടീമും വളരെ നല്ല സേവനമാണ് ചെയ്തത്. മാശാ അല്ലാഹ്. അല്ലാഹു അവർക്കും പ്രതിഫലം നൽകട്ടെ. കഴിഞ്ഞ വർഷവും സംവിധാനങ്ങൾ ചെയ്തിരുന്നു. എന്നാൽ ഇത്തവണത്തെപ്പോലെ അത്ര മെച്ചപ്പെട്ടതായിരുന്നില്ല.

ഈ അതിഥികൾ പല കാര്യങ്ങളിലും പ്രഭാവിതരാകുന്നു. ധാരാളം പേർ എന്നെ കാണുകയും ചെയ്തിട്ടുണ്ട്. അതിൽ ചിത്ര പ്രദർശനത്തെ കുറിച്ച് ധാരാളം പരാമർശമുണ്ട്. പൊതുവിൽ ഈ ദിവസങ്ങളിലും അതിന് നല്ല പ്രതികരണമാണുള്ളത്. അതിലൂടെ ഇവിടുത്തെ അനഹ്മദികൾക്കും നമ്മെ കുറിച്ചുള്ള അറിവ് ലഭിക്കുകയും ചെയ്തു. അത് മറ്റുള്ളവരെ സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

ലങ്കർ ഖാനയുടെ സംവിധാനത്തിലും മുൻ വർഷത്തെക്കാൾ മെച്ചമാണ് ഉണ്ടായിട്ടുള്ളത്. റൊട്ടി വളരെ ഇഷ്ടപ്പെട്ടിട്ടുണ്ട്. അതു പോലെ കറികളും. എന്നാൽ ഒരു സാഹിബ് ഭക്ഷണത്തെ സംബന്ധിച്ച് ധാരാളം പരാതി പറഞ്ഞിട്ടുണ്ട്. പഴയതായിരുന്നു, ദുർഗന്ധം ഉണ്ടായിരുന്നു എന്നെല്ലാം. എന്നാൽ ഞാൻ വിവിധ ആളുകളോട് ചോദിച്ചപ്പോഴും, എനിക്ക് ലഭിച്ച കത്തുകളിൽ നിന്നും സ്വയം ഞാനും വിവിധ സന്ദർഭങ്ങളിൽ സന്ദർശിച്ചപ്പോഴും മനസ്സിലാക്കാൻ കഴിഞ്ഞത് പഴയ ഭക്ഷണങ്ങളൊന്നും തന്നെ വിളമ്പിയിട്ടില്ല എന്നാണ്. ഒരു പക്ഷേ അദ്ദേഹത്തെ ആരെങ്കിലും പഴകിയ ഭക്ഷണം കഴിപ്പിച്ചിരിക്കാം. എന്നാൽ ഇതെഴുതിയ വ്യക്തിയെ എനിക്കറിയാം. അദ്ദേഹത്തിന് സ്വന്തമല്ലാത്ത മറ്റാരുടേയും പ്രവർത്തനങ്ങൾ ഇഷ്ടപ്പെടില്ല. എല്ലാ പ്രവർത്തനങ്ങളേയും നിലവാരമില്ലാത്തതായി ഗണിക്കുന്നു. അദ്ദേഹം എഴുതിയ വാക്കുകളും അതിന് സാക്ഷ്യം പറയുന്നു, എഴുതുന്നു, ജർമനിയിൽ ഞാൻ അടുക്കളയിൽ ഡ്യൂട്ടി നൽകുകയായിരുന്നു. അപ്പോൾ ഖലീഫ റാബിഅ് എന്നോട് പറഞ്ഞു, നിങ്ങൾ അടുക്കളയിലാണെങ്കിൽ എനിക്കൊരു ഭയവുമില്ല. അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടുണ്ടോ ഇല്ലേ എന്നറിയില്ല. എന്നാൽ അങ്ങിനെ പറഞ്ഞെങ്കിൽ തന്നെ ഇയാളുടെ സ്വയംകൃതവാക്കുകൾ കേട്ട് ഞാനിത് തിരിച്ചെടുക്കുകയാണെന്ന് പറഞ്ഞേനെ. ഈ സ്വാർത്ഥതയേയും അഹംഭാവത്തേയും ആത്മപ്രശംസയേയും മറ്റുള്ളവരിൽ ആരോപണം ഉന്നയിക്കുന്ന ശീലത്തേയും നന്നാക്കിയെടുക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ എവിടെയെങ്കിലും ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചുള്ളതല്ല. ഒരു വ്യക്തിയെ മാത്രം ആശ്രയിച്ചുള്ളതല്ല. എല്ലാം സംഘടിത പ്രവർത്തനമായിരുന്നു. ചെറുതും വലുതുമായ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന വളരെ ഉന്നതനിലവാരത്തിലുള്ള പ്രവർത്തനങ്ങളായിരുന്നു എന്നതാണ് ജമാഅത്തിന്റെ സവിശേഷത. അന്യരും പ്രശംസിച്ചത് ഇത് സംബന്ധിച്ചാണ്. ഇപ്പോൾ ഇവിടെ യു.കെയിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നൂറുക്കണക്കിന് ആയിരക്കണക്കിന് ആത്മാർത്ഥരായ ജോലിക്കാരെ അല്ലാഹു തയ്യാറാക്കിയിട്ടുണ്ട്. ഒരാളെ മാറ്റുകയാണെങ്കിൽ അതിന് പകരം പുതിയ 10 പേർ വരുന്നു. അവർ അഹംഭാവത്തിന് പകരം എളിമ പ്രകടിപ്പിക്കുന്നവരാണ്. അല്ലാഹുവിനെ ഭയക്കുന്നവരാണ്. ഏതായാലും എനിക്ക് വിനയത്തോടെ പ്രവർത്തിക്കുന്നവരെയാണ് ആവശ്യം. അങ്ങിനെയുള്ളവർക്കായി ദുഃആയും ചെയ്യുന്നതാണ്.

ചില ഡ്യൂട്ടിക്കാരെ സംബന്ധിച്ച് പരാതിയും ലഭിച്ചിട്ടുണ്ട്. അവിടുന്നും ഇവിടുന്നും കിട്ടിയതല്ല. സ്വയം ഖുദ്ദാമുൽ അഹ്മദിയ്യക്ക് ബോധ്യമായതാണ്. ചില സുരക്ഷാ ഡ്യൂട്ടിക്കാർ ചില സമയത്ത് ചിലരോട് കഠിനമായി പെരുമാറിയിരുന്നു. ഉദാഹരണമായി ഒരു ആൺകുട്ടിയെ ശക്തിയായി തള്ളുകയുണ്ടായി. അതു മുഖേന പരിക്കും പറ്റുകയുണ്ടായി. അല്ലെങ്കിൽ പ്രയാസം നേരിട്ടു. വയറിൽ കയ്യ് തട്ടിയിരുന്നു. ഡ്യൂട്ടിക്കാർ ജാഗ്രതരായിരിക്കുകയും വേണം, എല്ലായിടത്തും ശ്രദ്ധിക്കുകയും വേണം. സ്വയം നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്. അതില്ലാതെ സുരക്ഷാ ഡ്യൂട്ടി നിർവ്വഹിക്കാൻ സാധ്യമല്ല. അതിനാൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാവി വർഷങ്ങളിൽ ഇതിനെ കുറിച്ചെല്ലാം അന്വേഷിക്കേണ്ടതാണ്. ഏതെല്ലാം യുവാക്കളാണ് സ്വയം നിയന്ത്രിക്കുന്നവരും മനസാന്നിദ്ധ്യം നിലനിർത്തുകയും ചെയ്യുന്നതെന്നതിനെ കുറിച്ച് വർഷം മുഴുവനും അവലോകനം നടത്തുക. അത്യാവശ്യഘട്ടങ്ങളിൽ ഉപകരിക്കുകയും ചെയ്യുന്നവരാകണം. അങ്ങിനെയുള്ളവരെയാണ് മേലിൽ ഡ്യൂട്ടിക്കായി തിരഞ്ഞെടുക്കേണ്ടത്.

എനിക്ക് മറ്റൊരു പരാതിയും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത് ഒരു പരിധി വരെ വാസ്തവവുമാണ്. പുരുഷന്മാരുടേയും സ്ത്രീകളുടേയും പന്തലിന് നടുക്കായി എം.ടി.എ യുടെ പന്തലായിരുന്നു. അതിൽ ഓഫീസുകളും ട്രാൻസ്മിഷൻ സംവിധാനങ്ങളുമെല്ലാം ആയിരുന്നു. അക്കാരണത്താൽ അത്യാവശ്യ സന്ദർഭങ്ങളിൽ തടസ്സം നേരിടുമായിരുന്നു. അതിനാൽ സമ്മേളന നഗരിയുടെ രണ്ട് ഭാഗങ്ങളിലും വിശാലമായ വഴികൾ ഉണ്ടായിരിക്കണം. കൂടാതെ അത് കൊണ്ടുള്ള മറ്റൊരു ഗുണം ഉഷ്ണത്താൽ ചിലപ്പോൾ വശങ്ങൾ തുറക്കേണ്ടി വന്നാൽ നല്ല കാറ്റും ലഭിക്കുന്നതാണ്. അതിനാൽ എം.ടി.എ യുടെ പന്തൽ മുന്നോട്ടോ പിന്നോട്ടോ നീക്കേണ്ടതാണ്.

ജൽസയുടെ സംഘാടകർക്ക് വേണ്ടി ഒരു കാര്യം പറയുകയാണ്. ജർമനിയിൽ നിന്ന് വന്ന് ഒരു സ്ത്രീ പറയുന്നു, സംവിധാനങ്ങളെല്ലാം നല്ലതായിരുന്നു, ശുചിത്വവും ഉണ്ടായിരുന്നു, ടോയ്ലെറ്റ്സും നല്ലതായിരുന്നു. എന്നാൽ ടോയ്ലെറ്റ്സിൽ മൊന്തയ്ക്ക് പകരമായി ജഗ് ആയിരുന്നു വെച്ചിരുന്നത്. പറയുന്നു, ജർമനിയിൽ നിന്ന് മൊന്ത എത്തിക്കുവാനുള്ള സൗകര്യം എനിക്ക് ചെയ്ത് തരാൻ സാധിക്കുന്നതാണ്. വളരെ സന്തോഷത്തോടെ ചെയ്ത് കൊള്ളുക. യു.കെ ക്കാർ സന്തോഷത്തോടു കൂടി ഈ വാഗ്ദാ

നത്തെ സ്വീകരിക്കുന്നതുമാണെന്ന് കരുതുന്നു. അതു പോലെ പേപ്പർ ടവ്വൽ, ഡസ്റ്റ്ബിൻ തുടങ്ങിയവയുടെ സൗകര്യവും വിശാലമായിരിക്കേണ്ടതാണ്. മറ്റൊരു പരാതി ജൽസ സമാപിച്ചപ്പോൾ തന്നെ കുളിമുറികളിലെ വെള്ളം തീർന്നു പോയി എന്നാണ്. ജൽസാ സംഘാടകർ മേലിൽ അതും ശ്രദ്ധിക്കേണ്ടതാണ്.

ഏതായാലും ഇത് ഏതാനും പ്രസക്തവും അപ്രസക്തവുമായ കാര്യങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൊതുവിൽ ജൽസയുടെ സംവിധാനങ്ങളും പ്രഭാഷണങ്ങളുടെ നിലവാരവും അതിഥികൾ സൂചിപ്പിച്ചതു പോലെ ഉന്നതമായിരുന്നു. ഭാഗവാക്കായ എല്ലാവരും, മുമ്പ് പങ്കെടുത്തുകൊണ്ടിരുന്നതും പറഞ്ഞ് ഉന്നത നിലവാരമായിരുന്നു എന്ന് തന്നെയാണ്. എല്ലാ ജോലിക്കാരും സംഘാടകരും ഇക്കാരണത്താൽ പ്രശംസാർഹരാണ്. അല്ലാഹു അവർക്ക് ഉത്തമ പ്രതിഫലം നലകട്ടെ.

പാകിസ്ഥാനിലെ അഹ്മദികൾക്കായും ദുഃആ ചെയ്യുക. നാളെ സപ്തംബർ 7 ആണ്. നമ്മുടെ എതിരാളികൾ വളരെ ആവേശത്തോടു കൂടി ഈ ദിവസം ആഘോഷിക്കുന്നു. അന്നേ ദിവസം അവർ എല്ലാവരേയും ഒരുമിച്ച് കൂട്ടി ഒന്നാമതായി ഹദീസിനെ പൂർത്തിയാക്കുന്നു. ഏതായാലും ഇത് അവരുടെ രീതിയാണ്. അഹ്മദിയ്യാ ജമാഅത്ത് ഈ കക്ഷികളിൽ നിന്ന് വേറിട്ടതാണ്. അവർ സ്വയം തന്നെ വേർപ്പെടുത്തുകയുണ്ടായി. വളരെ ശബ്ദകോലാഹലങ്ങളോടുകൂടിയാണ് അവർ ഇത് ആഘോഷിക്കുന്നത്. ജാഥകൾ പുറപ്പെടുന്നു, ജമാഅത്തിനെ അസഭ്യം പറയുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) നെതിരിൽ വളരെയധികം ദുഷിച്ച നിരർത്ഥങ്ങളായ കാര്യങ്ങൾ ആരോപിക്കുന്നു, ഇതെല്ലാം തന്നെ ഖത്മെ നുബുവ്വത്തിന്റെ പേരിലാണ് നടക്കുന്നത്. ഇത്തവണ അവരുടെ അനുഗ്രഹം ഈ ആഴ്ച്ച മുഴുവനായും ഈ ഉദ്ദേശ്യ സാഫല്യത്തിനായി പരിശ്രമിക്കുന്നതാണെന്നാണ്. അല്ലാഹുവിന്റെ പ്രിയനും, മനുഷ്യത്വത്തിന്റെ ഔദാര്യവാനും, മുഴു ലോകത്തിനും കാരുണ്യവാരിധിയുമായ മഹാത്മാവിനെ തങ്ങളുടെ തെറ്റായ ലക്ഷ്യത്തിനു വേണ്ടി ഉപയോഗിക്കുന്നവരെ അല്ലാഹു എത്രയും പെട്ടെന്ന് പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കട്ടെ.

ഈയാഴ്ച്ചകളിൽ വീണ്ടും രണ്ട് ശഹാദത്തുകൾ ഉണ്ടായി. اِنَّا لِلّٰهِ وَ اِنَّاۤ اِلَيْهِ رٰجِعُوْنَ. അല്ലാഹു എത്രയും പെട്ടെന്ന് പാക്കിസ്ഥാനിലെ അഹ്മദികൾക്ക് സ്വാതന്ത്ര്യത്തിനുള്ള സംവിധാനങ്ങൾ സംജാതമാക്കട്ടെ എന്ന് ദുഃആ ചെയ്യുക. ഇന്ന് ഇവിടെ ജനാസ ഹാളിറും ഉണ്ട്. അദ്ദേഹത്തിന്റെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്, ഈ രണ്ട് ശഹാദത്തുകളുടേയും ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് ജനാസ ഹാളിർ ആയതിനാൽ ഞാൻ പുറത്ത് പോയി നമസ്ക്കരിപ്പിക്കുന്നതാണ്. നിങ്ങൾ പള്ളിയിൽ തന്നെ സ്വഫ് നേരെയാക്കി കൊണ്ട് എന്റെ പിന്നിൽ ജനാസ നമസ്കരിക്കേണ്ടതാണ്.

ഇവിടെ വഫാത്തായ ഘാനിയൻ സുഹൃത്തിന്റെ പേര് ആദം യൂസുഫ് സാഹിബ് എന്നാകുന്നു. ക്യാൻസർ രോഗിയായിരുന്നു. 84ാ മത്തെ വയസ്സിൽ സപ്തംബർ 3 നാണ് അദ്ദേഹം വഫാത്തായത്. اِنَّا لِلّٰهِ وَ اِنَّاۤ اِلَيْهِ رٰجِعُوْنَ. 1956 ൽ 27 ാം വയസ്സിലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ബയ്അത്തിനു ശേഷം അദ്ദേഹം സ്വന്തം ജോലി ഉപേക്ഷിച്ച് തബ്ലീഗ് തുടങ്ങി. അദ്ദേഹം ഘാനയിലെ എല്ലാ സ്ഥലങ്ങളിലും തബ്ലീഗ് ചെയ്തു. അധിക സ്ഥലങ്ങളിലും ജമാഅത്ത് സ്ഥാപിച്ചു. പഴയ ജമാഅത്തുകളെ ഊർജ്ജസ്വലമാക്കുന്നതിനായി പരിശ്രമിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗ് ഫലമായി നൂറുക്കണക്കിന് ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗിലെ താൽപര്യം കാരണത്താൽ അദ്ദേഹത്തിന്റെ പേര് തന്നെ ഘാനയിൽ യൂസുഫ് പ്രീച്ചർ എന്നായി ത്തീർന്നു.

അദ്ദേഹം 2003 ൽ യു.കെ യിൽ വരികയുണ്ടായി. ഇവിടെയും അദ്ദേഹം തബ്ലീഗ് തുടർന്ന് കൊണ്ടിരുന്നു. പ്രത്യേകിച്ച് റേഡിയോ പ്രോഗ്രാമുകളിൽ തബ്ലീഗ് ചെയ്യാറുണ്ടായിരുന്നു. അതിൽ വോയ്സ് ഓഫ് ആഫ്രിക്ക, ഡബ്ല്യു.വി.എൽ.എസ് റേഡിയോ പരാമർശാർഹമാണ്. സ്വന്തം റീജനിലെ സെക്രട്ടറി തബ്ലീഗുമായിരുന്നു. 2001 ൽ ഹജ്ജിനുള്ള ഭാഗ്യം ലഭിച്ചിരുന്നു. 2005 ൽ ഖാദിയാനിൽ ജൽസാ സാലാനയിൽ പങ്കെടുക്കാനുള്ള അവസരവും ലഭിച്ചു. വളരെ നല്ല വ്യക്തിയും, സൽപ്രകൃതക്കാരനും, കൃത്യമായി നമസ്കരിക്കുന്ന ആത്മാർത്ഥ വ്യക്തിയുമായിരുന്നു. ഖിലാഫത്തുമായി അഗാധബന്ധമായിരുന്നു. മൂസിയുമായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ട് ഭാര്യമാരും 10 പെൺകുട്ടികളും ഉൾപ്പെടുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ തലമുറ എപ്പോഴും ദീനിൽ ഉറച്ചു നിൽക്കുമാറാകട്ടെ.

ശുഹദാക്കളിൽ ഒരാൾ സയ്യിദ് താഹിർ അഹ്മദ് സാഹിബാണ്. അദ്ദേഹം സയ്യിദ് നദീർ അഹമദ് സാഹിബിന്റെ മകനാണ്. ആഗസ്ത് 31 നാണ് ശഹാദത്ത് സംഭവിച്ചത്. അന്ന് അദ്ദേഹം ക്ലിനിക്കിൽ ഇരുന്ന് രോഗികളെ പരിശോധിക്കുന്ന സമയത്ത് രണ്ട് സ്ത്രീകളും രണ്ട് പുരുഷന്മാരും രോഗികളുടെ രൂപത്തിൽ ക്ലിനിക്കിൽ പ്രവേശിച്ചു. അതിലെ പുരുഷന്മാർ ഡോക്ടർ സാഹിബിനു നേരെ വെടിയുതിർക്കുകയുണ്ടായി. ഡോക്ടർ സാഹിബിന് 6 വെടിയുണ്ടകളേറ്റു. ഡോക്ടർ സാഹിബിന്റെ ഭാര്യ വെടിയൊച്ച കേട്ടപ്പോൾ അത് സാധാരണ വെടിവെപ്പായിരിക്കും എന്ന് കരുതി. കാരണം കറാച്ചിയിൽ എപ്പൊഴും വെടിവെപ്പ് നടന്നുകൊണ്ടിരിക്കും. എന്നാൽ അവരുടെ അയൽവാസി വെടിയൊച്ച കേട്ട് പുറത്തിറങ്ങിയപ്പോൾ നാല് പേർ ക്ലിനിക്കിൽ നിന്ന് പുറത്തിറങ്ങി ഓടുന്നതായി കണ്ടു. ഉടൻ അദ്ദേഹം ക്ലിനിക്കിൽ എത്തിയപ്പോൾ ഡോക്ടർ സാഹിബിനെ രക്തത്തിൽ കുളിച്ചു കിടക്കുന്നതായി കണ്ടു. ഉടൻ തന്നെ ഡോക്ടർ സാഹിബിനെ ഒരു വണ്ടിയിൽ ആശുപത്രിയിലേക്ക് കൊണ്ടുപോയി എന്നാൽ വഴിമദ്ധ്യേ ഡോക്ടർ സാഹിബ് ശഹാദത്തിന്റെ ചഷകം രുചിക്കുകയുണ്ടായി. اِنَّا لِلّٰهِ وَ اِنَّاۤ اِلَيْهِ رٰجِعُوْنَ. ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാമഹനായ ഹകീം ഫള്ൽ ഇലാഹി സാഹിബ് മുഖേനയായിരുന്നു. അദ്ദേഹം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ഖിലാഫത്ത് കാലഘട്ടത്തിലാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന്റെ പിതാവ് ഗുജ്റൻവാല ജില്ലയിലെ തൻവണ്ടി നിവാസിയായിരുന്നു. 1970 ൽ അദ്ദേഹം കറാച്ചിയിലേക്ക് താമസം മാറ്റി. ശഹാദത്ത് സമയത്ത് ശഹീദിന്റെ പ്രായം 55 വയസ്സായിരുന്നു.

അദ്ദേഹം ഇന്റർവരെ വിദ്യാഭ്യാസം കരസ്ഥമാക്കിയതിന് ശേഷം മെക്കാനിക്കൽ അസോസിയേറ്റ് എഞ്ചിനീയറിങ്ങിൽ ൽ ഡിപ്ലോമ കരസ്ഥമാക്കി. നേഷണൽ ഓയിൽ റിഫൈനറിയിൽ 30 വർഷം ജോലിയനുഷ്ഠിച്ചു. 3 വർഷത്തിനു ശേഷം വിരമിക്കേണ്ടതായിരുന്നു. ശഹീദ് മർഹൂം ശഹാദത്ത് സമയത്ത് ഹൽഖയിലെ സെക്രട്ടറി ദഅ്വത്തെ ഇലല്ലായായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഇതിനു മുമ്പ് വിവിധ പദവികളിൽ സേവനം അനുഷ്ഠിച്ചിരുന്നു. മർഹൂം വളരെയധികം അമൂല്യ വ്യക്തിത്വത്തിനുടമയായിരുന്നു. എല്ലാവരോടും ഇടപഴകുമായിരുന്നു. എപ്പോഴും പുഞ്ചിരിച്ചു കൊണ്ടിരിക്കുന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധങ്ങൾ വളരെ വിശാലമായിരുന്നു. സ്വന്തം പ്രദേശത്ത് ആദരണീയമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ശഹാദത്തിന് ശേഷം വലിയ വിഭാഗം പരിസരവാസികൾ അനുശോചനമറിയിക്കുന്നതിനായി അദ്ദേഹത്തിന്റെ വീട്ടിൽ ഒരുമിച്ചുകൂടി. സ്വന്തക്കാരോടും കുടുംബക്കാരോടും അദ്ദേഹത്തിന് നല്ല ബന്ധമായിരുന്നു. ആരെങ്കിലും അന്യായം പ്രവർത്തിച്ചാൽ തന്നെ

സ്വയം ക്ഷമിച്ച് മുൻകയ്യെടുത്ത് രജ്ഞിപ്പിനായി ശ്രമിക്കുമായിരുന്നു. അദ്ദേഹം ഒരു പ്രഗൽഭനായ ഹോമിയോ ഡോക്ടറായിരുന്നു. നിരന്തരമായി ധാരാളം ആളുകൾ കാണാൻ വരുമായിരുന്നു. പലപ്പോഴും വീട്ടിൽ രോഗികൾ എത്തുമായിരുന്നു. അപ്പോഴെല്ലാം തന്നെ അദ്ദേഹം ചികിത്സിക്കുമായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠത പുലർത്തിയിരുന്നു. തഹജ്ജുദും കൃത്യമായി നമസ്കരിക്കുമായിരുന്നു. വിവിധ സന്ദർശന വേളകളിൽ പ്രാദേശിക ലജ്നാ സദ്റായ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ അനുഗമിക്കുമായിരുന്നു. അങ്ങേയറ്റം വാത്സല്യനിധിയായ പിതാവും, കുട്ടികളുടെ പഠിത്തത്തിലും ശിക്ഷണത്തിലും ശ്രദ്ധിക്കുന്ന വ്യക്തിയും ആയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ സയ്യദ ത്വാഹിറ ത്വാഹിർ സാഹിബയും 3 ആൺമക്കൾ റിസ്വാൻ ത്വാബിർ 32 വയസ്സ്, ഫർഹാൻ താഹിർ 29 വയസ്സ്, മുജ്തബ താഹിർ 19 വയസ്സ് കൂടാതെ രണ്ട് പെൺമക്കൾ റുബയ്യ ഉസ്മാൻ, റുബാബ് താഹിറ എന്നിവരാണ് സന്തപ്ത കുടുംബാംഗങ്ങൾ. അല്ലാഹു എല്ലാവർക്കും സഹനവും ധൈര്യവും നൽകട്ടെ. ശഹീദ് മർഹൂമിന്റെ പദവികൾ ഉയർത്തട്ടെ.

രണ്ടാമത്തെ ശഹീദ് മാലിക് യഅ്ഖൂബ് അഹ്മദ് സാഹിബിന്റെ മകനായ മാലിക് അജാസ് അഹ്മദ് സാഹിബാണ്. രംഗീ ടൗൺ കറാച്ചി വാസിയാണ്. സെപ്തംബർ 4 നാണ് ശഹാദത്ത് സംഭവിച്ചത്. അന്ന് 11:45 നാണ് ശഹാദത്ത് നടന്നത്. അദ്ദേഹം ഗാർഡൻ ഫാക്ടറിയിൽ തന്റെ സഹോദരനായ മലക് റസാ സാഹിബിനോടൊപ്പം സ്റ്റിച്ചിങ്ങിന്റെ കരാർ പണിയാണ് ചെയ്തിരുന്നത്. രണ്ട് പേരും ഫാക്ടറിയിലേക്ക് പോകുന്നതിനായി രണ്ട് ബൈക്കുകളിൽ പുറപ്പെട്ടു. അദ്ദേഹം സഹോദരനിൽ നിന്നും അൽപം പുറകിലായിരുന്നു. വഴിയിൽ വെച്ച് രണ്ട് അജ്ഞാത വ്യക്തികൾ അടുത്ത് വന്ന് ഇടതു ഭാഗത്ത് നിന്ന് ചെവിക്കടുത്ത് വെടി വെച്ചു. വെടിയുണ്ട തലയിലൂടെ തുളച്ച് പുറത്ത് വന്നു. തൽഫലമായി സംഭവസ്ഥലത്തു തന്നെ ശഹീദായി. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ സംഭവത്തിന് ശേഷം അക്രമികൾ ബൈക്കിൽ രക്ഷപ്പെട്ടു. പിന്നിലുണ്ടായിരുന്ന കാറിന്റെ ഡ്രൈവർ പറഞ്ഞത് അക്രമികൾ രണ്ടു പേരും യുവാക്കളായിരുന്നു എന്നാണ്. ബൈക്ക് ഓടിച്ചിരുന്ന ആൾ ഹെൽമെറ്റ് ധരിച്ചിട്ടുണ്ടായിരുന്നു. പുറകിലിരുന്ന് വെടിവെച്ച ആൾ ചെറിയ താടിയുള്ളയാളായിരുന്നു.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാമഹനായ മിയാൻ അഹ്മദ് സാഹിബ് മുഖേനയായിരുന്നു. രണ്ടാം ഖിലാഫത്ത് കാലത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്ന ചൗധരി ഗുലാം റസൂൽ ബഫ്റാ സാഹിബിന്റെ തബ്ലീഗ് ഫലമായിട്ടാണ് ബയ്അത്ത് ചെയ്തത്. ജോഡാകലാ പിശാവറിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. എന്നാൽ എതിർപ്പ് കാരണത്താൽ ചൗധരി ഗുലാം റസൂൽ സാഹിബിന്റെ അഭിപ്രായത്താൽ സർഗോദയിലെ വടക്കു ഭാഗത്തേക്ക് താമസം മാറ്റി. അവിടെ അവരുടെ കുടുംബത്തിന് ജമാഅത്തിനു വേണ്ടി മഹത്തായ സേവനങ്ങൾ ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു. അവിടെ പള്ളിയുടെ നിർമാണത്തിലും ശഹീദ് മർഹൂമിന്റെ പിതാവ് മഹത്തായ പങ്കാണ് വഹിച്ചത്. മർഹൂമിന്റെ പിതാവ് 90 വസ്സുള്ള മാലിക് യഅ്കൂബ് അഹ്മദ് സാഹിബ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവിച്ചിരിക്കുന്നുണ്ട്. മാതാവ് വഫാത്തായി. 1990 ൽ സർഗോദയിൽ നിന്ന് കറാച്ചിയിലേക്ക് താമസം മാറ്റി. സഹോദരീ ഭർത്താവ് മുഹമ്മദ് നവാസ് സാഹിബ് ശഹീദും ഇദ്ദേഹത്തിനടുത്തേക്ക് മാറിയിരുന്നു. അദ്ദേഹത്തിന്റെ സഹോദരി ഭർത്താവ് കഴിഞ്ഞ വർഷം സെപ്തംബറിൽ ശഹീദാക്കപ്പെട്ടിരുന്നു.

ശഹീദ് മർഹൂം അങ്ങേയറ്റം ആത്മാർത്ഥതയും, സ്നേഹവും, അനുകമ്പയുമുള്ള വ്യക്തിയായിരുന്നു. എല്ലാവരോടും പ്രസന്നവദനായി ഇടപഴകുമായിരുന്നു. ആരെയും വിഷമിപ്പിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. കുട്ടികളോട് അങ്ങേയറ്റം സ്നേഹത്തോടെ വർത്തിക്കുമായിരുന്നു. സ്വന്തം മക്കളെ കൂടാതെ സഹോദര പുത്രന്മാരോടും നല്ല രീതിയിൽ പെരുമാറുമായിരുന്നു. അദ്ദേഹത്തോടൊപ്പം താമസിച്ചിരുന്ന കുട്ടികളും ജമാഅത്തിനായി അങ്ങേയറ്റം വികാരം ഉള്ളവരായിരുന്നു. ആരുടെയെങ്കിലും ശഹാദത്തിനെ കുറിച്ച് കേൾക്കുമ്പോൾ പ്രഭാവിതനാകുമായിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയെ പൂർണ്ണമായും അനുസരിച്ചിരുന്നു. ഏതെങ്കിലും ജോലി ഏൽപ്പിച്ചാൽ സസന്തോഷം അതേറ്റെടുക്കുമായിരുന്നു.

കഴിഞ്ഞ വർഷം സഹോദരീ ഭർത്താവായ മുഹമ്മദ് നവാസ് സാഹിബിന്റെ ശഹാദത്ത് സമയത്ത് ഈ സൗഭാഗ്യം തനിക്ക് ലഭിച്ചിരുന്നെങ്കിൽ എന്ന് ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞിരുന്നു. ശഹീദ് മർഹൂമിന്റെ പ്രായം 36 വയസായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ പിതാവ് മലക് യഅ്ഖൂബ് അഹ്മദ് സാഹിബ് കൂടാതെ ഭാര്യ റാശിദ ഇജാബ് സാഹിബയും 12 വയസ്സുള്ള ഒരു മകളും 10 ഉം 8 ഉം വയസ്സുള്ള ആൺമക്കളും ഉണ്ട്. അല്ലാഹു മർഹൂമിന്റെ പദവി ഉയർത്തട്ടെ. കുട്ടികൾക്കും മറ്റുള്ളവർക്കും സഹനവും ധൈര്യവും നൽകട്ടെ. അവരുടെ സഹായിയുമായിത്തീരട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 September 06 at : Baithul Futuh, U.K
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**